www.malankaralibrary.com

വാല്യം : 14
ലക്കം : 5

2022
നവംബർ
ഡിസംബർ



# സാന്തോം വോയ്സ്

മലങ്കര സുറിയാനി കത്തോലിക്കാ സഭ
പത്തനംതിട്ട രൂപതാ ബുള്ളറ്റിൻ

www.malankaralibrary.com



പാലാ അൽഫോൺസിയൻ പാസ്റ്ററൽ സെന്ററിൽവെച്ച് നടത്തപ്പെട്ട വാർഷിക ധ്യാനത്തിനുശേഷം പത്തനംതിട്ട ഭദ്രാസനത്തിലെ ബഹുമാനപ്പെട്ട വൈദികർ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവിനോടും അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിനോടുമൊപ്പം.




പത്തനംതിട്ട ഭദ്രാസനത്തിലെ ബഹുമാനപ്പെട്ട വൈദികർ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവിനോടൊപ്പം വി.അൽഫോൺസാമ്മയുടെ കബറിട ചാപ്പലിൽ പത്തനംതിട്ട ഭദ്രാസനത്തിലെ എല്ലാ ഇടവകകൾക്കുവേ വി.കുർബാന അർപ്പിക്കുകയും വി.അൽഫോൺസാമ്മയുടെ മദ്ധ്യസ്ഥം തേടി പ്രാർത്ഥിക്കുകയും ചെയ്തു.

www.malankaralibrary.com



# സാന്തോം
## വോയ്സ്

**മലങ്കര സുറിയാനി കത്തോലിക്കാ സഭ**
**പത്തനംതിട്ട രൂപതാ ബുള്ളറ്റിൻ**

**ഉൾപേജുകൾ**


1. സർക്കുലർ........................................................ 3 – 26
2. രൂപതാ വാർത്തകൾ ................................ 26 – 27
3. വിശ്വാസധാര................................................. 27
4. കുടുംബപ്രേഷിത കാര്യാലയം.............. 28

www.malankaralibrary.com





# സാന്തോം
## വോയ്സ്

**മലങ്കര സുറിയാനി കത്തോലിക്കാ സഭ**
**പത്തനംതിട്ട രൂപതാ ബുള്ളറ്റിൻ**

**2022 നവംബർ - ഡിസംബർ**

**വാല്യം : 14, ലക്കം : 4**

**Editor**
**Fr. SEBASTIAN AMBASSERIL**
**Ph: 9447267433**

www.malankaralibrary.com



Ref: 3802/KCBC/K-35/OL/DS 07.11.2022

# കെസിബിസി ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ ബൈബിൾ പാരായാണമാസവും ബൈബിൾ ഞായറും

പ്രിയമുള്ളവരെ,

മുൻവർഷങ്ങളിലെന്നപോലെ ഈ വർഷവും **ഡിസംബർ 'ബൈബിൾ മാസമായും' ഡിസംബർ 18 'ബൈബിൾ ഞായറായും'** കേരള കത്തോലിക്കാസഭ ആഘോഷിക്കുകയാണ്. കെ.സി.ബി.സി. കേരളസഭാനവീകരണ വർഷങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള 2022 പെന്തക്കോസ്താ മുതൽ 2025 പെന്തക്കോസ്താ തിരുനാൾ വരെയുള്ള കാലയളവിനുവേണ്ടി തിരഞ്ഞെടുത്ത "സഭ ക്രിസ്തുവിൽ പണിയപ്പെട്ടു കൊണ്ടിരിക്കുന്ന ഭവനം" (എഫേ 2,20-22) എന്ന ആപ്തവാക്യം ഈ വചനപാരായണമാസത്തിൽ പരിചിന്തനം ചെയ്യുന്നത് ഉചിതമാണെന്ന് കരുതുന്നു.

## 1. സഭ

ദൈവകല്പനകൾ ശ്രവിക്കുന്നതിനും യാഗാർപ്പണത്തിനുമായി വിളിച്ചുചേർക്കപ്പെട്ട സമൂഹത്തെ സൂചിപ്പിക്കാനാണ് പഴയനിയമത്തിൽ സഭയെന്ന പദം (കഹാൽ- ഹീബ്രു) പ്രധാനമായും ഉപയോഗിച്ചു കാണുന്നത് (നിയ.4,10). സമാന അർത്ഥത്തിൽത്തന്നെയാണ് പുതിയ നിയമവും ഈ പദം (എക്ക്ളേസിയ-ഗ്രീക്ക്) ഉപയോഗിച്ചു കാണുന്നത്. ക്രിസ്തുവിന്റെ മരണ ഉത്ഥാനത്തിന്റെ പ്രഘോഷണം ശ്രവിച്ച്, മാനസാന്തരത്തിലൂടെ ജ്ഞാനസ്നാനം വഴി ഒരുമിച്ചുചേർക്കപ്പെട്ട സമൂഹത്തെയാണ് പുതിയനിയമം 'സഭ'യെന്ന് വിശേഷിപ്പിക്കുന്നത്. (കാ.എഫേ 2,4-8; അപ്പ 2,37-42). സഭ തിരഞ്ഞെടുക്കപ്പെട്ട വിഷശുദ്ധ ജനമായതിനാലും, ദൈവത്തിന്റെ സ്വന്തമായതിനാലും ദൈവത്തെ പ്രകീർത്തിക്കുവാനും (1 പത്രോ 2,9); ക്രിസ്തുവിന് സാക്ഷ്യം വഹിക്കാനും കടപ്പെട്ട സമൂഹമാണ് (എഫേ 3,8-10).

## 2. ക്രിസ്തുവിൽ

ക്രിസ്തുവും സഭയും തമ്മിൽ വേർതിരിക്കാനാവാത്തതും ഗാഢവുമായ ബന്ധമുണ്ട്. ക്രിസ്തുവിന്റെ പെസഹാരഹസ്യമാണ് സഭയ്ക്കു നിദാനം. അവിടുത്തെ പെസഹാരഹസ്യത്തിന്റെ അടിസ്ഥാനഭാവമായ ശൂന്യവത്കരണത്തിൽ (Kenosis) പങ്കുചേർന്ന് ക്രിസ്തുവിന്റെ മഹത്വത്തിലേക്ക് വളരാനും, സ്വന്തമായിത്തീരുവാനും സഭ വിളിക്കപ്പെട്ടിരിക്കുന്നു (എഫേ

www.malankaralibrary.com


1,23). ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തു; ജലംകൊണ്ട് കഴുകി, വചനത്താൽ വെണ്മയുള്ളതാക്കി മഹത്വപൂർണയായി അവളെ തനിക്കുതന്നെ പ്രതിഷ്ഠിച്ചു (കാ.എഫേ 5,27-29); അവളെ തന്റെ ശരീരവും നിർമല വധുവുമായി പരിപോഷിപ്പിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യം എക്കാലവും സഭയിൽ വസിക്കുന്നു.

## 3. സഭയാകുന്ന ഭവനം

ക്രിസ്തുവിന്റെ ശരീരവും വധുവുമായ സഭ, അനേകംപേർ ചേർന്ന കൂട്ടായ്മയാണ്. ശരീരത്തിൽ പല അവയവങ്ങളുണ്ടെങ്കിലും അവയെല്ലാം ഐക്യപ്പെട്ടിരിക്കുന്നതുപോലെ സഭയാകുന്ന ശരീരത്തിലെ അംഗങ്ങൾ എല്ലാവരും ജ്ഞാനസ്നാനത്തിലൂടെ ക്രിസ്തുവിന്റഎ ഏകശരീരമായി മാറുന്നു (എഫേ 4,3-6). ഭവനമെന്നത് വാസ്തുശില്പകലയുടെ പ്രകാശനാമയ ഒരു കെട്ടിടത്തെയല്ല, മറിച്ച് കൂട്ടായ്മയുടെ കുടുംബത്തെയാണ് സൂചിപ്പിക്കുന്നത്. (1കോറി 3,16; 2കോറി 6,16; എഫേ 2,21). സജീവ ശിലകളായ വിശ്വാസികളെകൊണ്ടാണ് ഈ ആത്മീയ ഭവനം പണിതുയർത്തപ്പെടുന്നത്; അതിന്റെ മൂലക്കല്ല് ക്രിസ്തു തന്നെയാണ് (1 പത്രോ 2,4-5). മൂലക്കല്ലായ ക്രിസ്തുവിൽ സഭാംഗങ്ങൾ പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു.

## 4. പണിയപ്പെട്ടുകൊണ്ടിരിക്കുന്നു

സഭ ഭൂമിയിലെന്നും ഒരു തീർത്ഥാടകയാണ്. ഈ തീർത്ഥാടനത്തിൽ സഭ, ശിരസ്സാകുന്ന ക്രിസ്തുവിൽനിന്ന് ഊർജ്ജം സ്വീകരിച്ച് പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി വളരുകയാണ്. ശരീരമെന്ന നിലയിൽ ശിരസ്സാകുന്ന ക്രിസ്തുവിന്റെ പൂർണതയാണ് സഭ ലക്ഷ്യം വയ്ക്കുന്നത് (എഫേ 1,23; 4,13.).

പൂർണ്ണതതേടിയുള്ള ഈ യാത്രയിൽ സുവിശേഷ പ്രഘോഷണത്തിന്റെ അനിവാര്യത നിസ്തർക്കമാണ്. ക്രിസ്തുവിലൂടെ ദൈവം സാക്ഷാത്ക്കരിച്ച രക്ഷയുടെ പദ്ധതി സർവമനുഷ്യർക്കും സർവസൃഷ്ടികൾക്കും വേണ്ടിയുള്ളതാണ് (മർക്കോ 16,16). ജനതകളുടെ പ്രകാശമായി നിയോഗിക്കപ്പെട്ട സഭയെ പ്രശോഭിപ്പിക്കുന്നത് സുവിശേഷദീപ്തിയാണ്; സഭ ലോകത്തിനു നൽകുന്ന പ്രകാശവും സുവിശേഷത്തിന്റേതാണ്. സുവിശേഷത്താൽ നവീകരിക്കപ്പെട്ട പ്രപഞ്ചം ക്രിസ്തു പിതാവായ ദൈവത്തിന് സമർപ്പിക്കുന്നതുവരെ ഇത് തുടരേണ്ടിയിരിക്കുന്നു (കാ.1 കോറി 15,21-28). ക്രിസ്തു ആരാണെന്ന തിരിച്ചറിവ് ഹൃദയംകൊണ്ടും കർമം കൊണ്ടും സാക്ഷ്യം നൽകാൻ നമ്മൾ പ്രാപ്തരാകുമ്പോൾ, നവീകരണപാതയോടെ

www.malankaralibrary.com



അടിസ്ഥാനകർത്തവ്യ നിർവഹണമായ സുവിശേഷ പ്രഘോഷണത്തിൽ നമ്മൾ പങ്കുചേരുകയാണ്.

## കേരള കത്തോലിക്കാ സഭയും ബൈബിൾ ശുശ്രൂഷയും

കേരളസഭ നവീകരണ വർഷമായി പ്രഖ്യാപിച്ചിട്ടുള്ള ഈ കാലയളവിൽ കെസിബിസി ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്തോലേറ്റുകൾക്കും നിർണായകമായ പങ്കാണ് നിർവഹിക്കാനുള്ളത്. മലയാളം ബൈബിളിന്റെ ശ്രവ്യരൂപവും ഇന്റർനെറ്റ് രൂപവും സൈൻ ബൈബിളും ഇന്ന് നമുക്ക് ലഭ്യമാണ്. വചനത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ മൂലഗ്രന്ഥങ്ങളോട് ഏറ്റവും അടുത്തു നിൽക്കുന്ന പുതിയനിയമ പഠന ബൈബിൾ പുറത്തിറക്കാൻ കഴിഞ്ഞു. പരിഷ്കരിച്ച പഴയനിയമ പതിപ്പ് കാലതാമസമില്ലാതെ പ്രകാശനം ചെയ്യാമെന്ന പ്രതീക്ഷയിലാണ് ബൈബിൾ കമ്മീഷൻ. ലക്ഷങ്ങൾ പങ്കെടുക്കുന്ന ലോഗോസ് ക്വിസ് ആഗോളതലത്തിൽ അതുല്യസ്ഥാനം നേടിക്കഴിഞ്ഞു. കുടുംബങ്ങൾക്കായി ഫാമിലിലോഗോസും ബധിര - ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള ലോഗോസ് പരീക്ഷയും ശ്രദ്ധയാകർഷിച്ചുവരുന്നു. ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് അനേകങ്ങൾക്ക് ആഴത്തിൽ അറിവുപകരുന്ന വിജ്ഞാനരീതിയായി മാറിക്കഴിഞ്ഞിരിക്കുന്നു. ബൈബിളിലെ പലപുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യുട്യൂബ്-വീഡിയോ ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാണ്. 2022-25 കാലഘട്ടം കേരളസഭാ നവീകരണ കാലഘട്ടമായി ആചരിക്കുമ്പോൾ വചനവഴിയിലൂടെ ബഹുദൂരം മുന്നേറാനും നവസാമൂഹിക മാധ്യമങ്ങൾ ഉപയോഗപ്പെടുത്തി വ്യത്യസ്ത മേഖലകളിലേക്കും വിവിധ പ്രായത്തിലുള്ളവർക്കും സവിശേഷശ്രദ്ധ ആവശ്യമുള്ള നമ്മുടെ സഹോദരങ്ങൾക്കും സുവിശേഷവാർത്ത അറിയാനാഗ്രഹിക്കുന്ന എല്ലാവർക്കും വിശുദ്ധഗ്രന്ഥം സംലഭ്യമാക്കാനുള്ള കർമ്മപദ്ധതികൾ കെ.സി.ബി.സി ബൈബിൾ കമ്മീഷൻ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നു. ക്രിസ്തുവിനെ വെളിപ്പെടുത്തിത്തരുന്ന ദൈവവചനം സ്വീകരിക്കുകയും കാത്തുസൂക്ഷിക്കുകയും അടുത്ത തലമുറയ്ക്ക് പകർന്നു നൽകുകയും ചെയ്യുന്നത് പ്രഥമമായും കുടുംബങ്ങളിലൂടെയാണല്ലോ! ഓരോ കുടുംബത്തിലും ഓരോ ബൈബിൾ എന്നതാണ് നാം ഇനി ലക്ഷ്യം വയ്ക്കേണ്ടത്. ഓൺലൈൻ ബൈബിളും ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ പരിശ്രമം ആവശ്യമാണ്. ഭവനങ്ങളിലും യാത്രകളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരേയും പരിശീലിപ്പിക്കണം.

www.malankaralibrary.com



## ബൈബിൾ പാരായണവും ബൈബിൾ ഞായറും

ക്രിസ്തുവിന്റെ മാർഗത്തിൽ ആഴപ്പെടുവാൻ പ്രാർത്ഥനാപൂർവകവും വിശ്വാസപൂർണവുമായ ബൈബിൾ പാരായണത്തിനു സാധിക്കും. നവീകരണ കാലഘട്ടത്തിലെ ഈ വചനയജ്ഞം ഇടവക തലത്തിലും കുടുംബകൂട്ടായ്മയിലും സംഘടിപ്പിക്കാവുന്നതാണ്. ദിവസം മൂന്നരമണിക്കൂർ ബൈബിൾ വായനയ്ക്കായി മാറ്റിവച്ചാൽ ഒരുമാസംകൊണ്ട് മുഴുവൻബൈബിളഉം വായിച്ചുതീർക്കാൻ നമുക്ക് സാധിക്കും എന്നാണ് കണക്കുകൂട്ടൽ. ഇടവകകളിലും സ്ഥാപനങ്ങളിലും ഈ മാസത്തിൽ വചനപാരായണത്തിനായി പ്രത്യേകം സമയവും സാഹചര്യവും ഒരുക്കാൻ തയ്യാറാകുമല്ലോ. വ്യക്തികളും കുടുംബങ്ങളും ഈ പാരായണമാസം സമുചിതമായി നടത്താൻ സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു.

ഡിസംബർ 18-ന് ബൈബിൾ ഞായർ ഇടവകകളിൽ ബൈബിൾ പ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടുംകൂടെ സമുചിതമായി ആചരിക്കാൻ ആഹ്വാനം ചെയ്യുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും രൂപതാ ബൈബിൾ അപ്പോസ്തലേറ്റിന്റെയും ശുശ്രൂഷകൾക്കുവേണ്ടി ഡിസംബർ 18-ാം തീയതിയിലെ ബൈബിൾ ഞായറാഴ്ച നടത്തുന്ന ദിവ്യബലി മധ്യേയുള്ള സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ക്രിസ്തുവാകുന്ന ശരീരത്തിലെ ഓരോ അവയവവും അതിന്റെ ധർമ്മം പൂർത്തിയാക്കുന്നതോടൊപ്പം മറ്റ് അവയവങ്ങൾക്കും ശക്തിപകർന്ന് ഓരോ ശരീരവും ഭവനവുമായി വളരാൻ നമ്മുടെ ബൈബിൾ ശുശ്രൂഷകൾക്കാകട്ടെ. ദൈവവചനത്തിലധിഷ്ഠിതമായ നവീകരണയജ്ഞത്തിൽ കേരളസഭയോടൊപ്പം നമുക്കോരോരുത്തർക്കും പങ്കുചേരാം.

ദൈവവചനത്തിന്റെ അവതാരത്തിരുനാളിന് ഒരുങ്ങുന്ന വേളയിൽ, വചനബദ്ധമായ ജീവിതംവഴി നവീകരണ വഴിയിൽ സഹയാത്രികരാകാൻ നിങ്ങളേവരോടും ആഹ്വാനം ചെയ്തുകൊണ്ടും എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ടും

സ്നേഹാദരങ്ങളോടെ,

**ബിഷപ്പ് റൈറ്റ് റവ. ഡോ. ജയിംസ് ആനാപറമ്പിൽ**

(ചെയർമാൻ, കെ.സി.ബി.സി.ബൈബിൾ കമ്മീഷൻ)

**ബിഷപ്പ് മാർ ജേക്കബ് മനത്തോടത്ത്**

(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്**

(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

www.malankaralibrary.com



**THE SYRO-MALANKARA CATHOLIC CHURCH**
**EPARCHY OF PATHANAMTHITTA**

**Most Rev.Dr. Samuel Mar Irenios**
Bishop of Pathanamthitta

Catholic Bishop's House
Pathanamthitta - 689 645
Ph: 04682-223100, 2223200

**Prot.No. CL 05 / 2022**

# ക്രിസ്തുമസ് – 2022

വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, റമ്പാന്മാരേ, ബഹു.വൈദികരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

നാം ക്രിസ്തുമസ് ആഘോഷിക്കുന്ന അവസരമാണല്ലോ. ദൈവ പുത്രനായ ഈശോ മനുഷ്യനായി പിറന്നുവെന്ന് ഒരിക്കൽകൂടി ലോകം ഏറ്റുപറയുന്ന അവസരമാണ്. ഈ മഹാരഹസ്യം നമ്മുടെ ധ്യാനവിഷയമാക്കുന്ന അവസരം. ബേത്‌ലഹേമിൽ പിറന്ന യേശുക്രിസ്തു ലോകരക്ഷകനാണെന്ന് ഉറക്കെ പ്രഖ്യാപിക്കുവാനുള്ള സന്ദർഭം. നമ്മുടെ നിക്ഷേപ പാത്രങ്ങൾ മലർക്കെ തുറന്ന് അവിടുത്തെ സന്നിധിയിൽ സമർപ്പിക്കുവാനുള്ള അവസരം.

യേശുക്രിസ്തു ദൈവപുത്രനാണെന്ന സത്യം സൗകര്യപൂർവ്വം വിസ്മരിക്കുന്നവരും ആ യാഥാർത്ഥ്യം നിഷേധിക്കുന്നവരുമുണ്ട്. അവർക്ക് ക്രിസ്തുമസ് അർത്ഥരഹിതമാണ്. അവരെ സംബന്ധിച്ചിടത്തോളം ആഘോഷതിമിർപ്പിനുള്ള അവസരം മാത്രമാണ്.

യേശുക്രിസ്തു രക്ഷകനാണെന്ന് അവിടുത്തെ മാമ്മോദീസാവേളയിലും (മത്താ. 3:13–17) രൂപാന്തരീകരണ സന്ദർഭത്തിലും (മർക്കോ.9:2–8) പിതാവായ ദൈവംതന്നെ നേരിട്ട് സാക്ഷ്യപ്പെടുത്തുന്നു. ഈ യാഥാർത്ഥ്യം യേശുക്രിസ്തുതന്നെ പ്രധാനപുരോഹിതനായ കയ്യാഫാസിന്റെ ചോദ്യത്തിന് മറുപടിയായി പ്രഖ്യാപിക്കുകയും ചെയ്തു. ജന്മനാ അന്ധനായവന് തുപ്പൽകൊണ്ട് ചെളിയുണ്ടാക്കി സുഖപ്പെടുത്തിയതിനുശേഷം തന്റെ ദൈവപുത്രസ്ഥാനം യേശുതന്നെ അവനോട് വെളിപ്പെടുത്തുന്നുമുണ്ട് (യോഹ.9:35–38).

യേശുക്രിസ്തുവിനോട് ഏറ്റമടുത്ത ഇടപഴകിയിരുന്ന ശിഷ്യപ്രധാ

www.malankaralibrary.com



നിയായ പത്രോസ്, ആദ്യ ശിഷ്യന്മാരിൽ ഒരുവനായ നഥാനിയേൽ, യേശുവിന്റെ സ്നേഹിതനായ ലാസറിന്റെ സഹോദരി മർത്ത, യേശുക്രിസ്തുവിനെ ഇസ്രായേലിന് വെളിപ്പെടുത്താൻ ദൈവത്താൽ അയയ്ക്കപ്പെട്ട സ്നാപകയോഹന്നാൻ എന്നിവരെല്ലാം സാക്ഷ്യപ്പെടുത്തുന്നത് അവിടുന്ന് ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുതന്നെ എന്നാണ്. (മത്താ.16:16, യോഹ.6:68-69, അപ്പ.2:36), (അപ്പ.2:41-42). "റബ്ബി അങ്ങ് ദൈവപുത്രനാണ്; ഇസ്രായേലിന്റെ രാജാവാണ് (യോഹ.1:43-49)" എന്ന് യേശുശിഷ്യനായ നഥാനിയേൽ ഉറപ്പിച്ചുപറയുന്നു. "കർത്താവേ നീ ലോകത്തിലേക്ക് വരാനിരിക്കുന്ന ദൈവപുത്രനായ ക്രിസ്തുവാണ് എന്ന് ഞാൻ വിശ്വസിക്കുന്നു (യോഹ.11:27)" എന്ന് മർത്തയും ഉദ്ഘോഷിക്കുന്നു. സ്നാപകയോഹന്നാന്റെ ജീവിതനിയോഗവും അസ്ഥിത്വലക്ഷ്യവും യേശുക്രിസ്തു ആരാണെന്ന് ലോകത്തിന് വെളിപ്പെടുത്തുക എന്നതായിരുന്നു. സ്നാപകയോഹന്നാന്റെ സാക്ഷ്യമാകട്ടെ സത്യം തന്നെയായ യേശുക്രിസ്തു ദൈവപുത്രനാണ് എന്നതായിരുന്നു.

അധഃപതിച്ച മാലാഖയാണ് പിശാച്. ആ നിലയിൽ മനുഷ്യർക്ക് മനസ്സിലാക്കാൻ കഴിയാത്ത രഹസ്യങ്ങളും പിശാചുകൾക്ക് അറിയാൻ കഴിയും. യേശു ദൈവപുത്രനാണെന്ന് അവർ തിരിച്ചറിഞ്ഞിരുന്നു. അത് പലപ്പോഴും വെളിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കഫർണാമിലെ സിനഗോഗിൽ അവിടുന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ അശുദ്ധാത്മാവ് ബാധിച്ച ഒരുവൻ അലറിക്കൊണ്ട് വിളിച്ചുപറഞ്ഞു. "നസ്രായനായ യേശുവേ നീ എന്തിന് ഞങ്ങളുടെ കാര്യത്തിൽ ഇടപെടുന്നു, ഞങ്ങളെ നശിപ്പിക്കുവാനാണോ നീ വന്നത്. നീ ആരാണെന്ന് എനിക്കറിയാം ദൈവത്തിന്റെ പരിശുദ്ധൻ (മർക്കോ.1:24)" ഗദറായരുടെ നാട്ടിൽവെച്ച് യേശു രണ്ട് പിശാചുബാധിതരെ സ്വതന്ത്രരാക്കിയ വേളയിൽ അവർ അട്ടഹസിച്ചു പറഞ്ഞത് ഇപ്രകാരമാണ്. "ദൈവപുത്രാ നീ എന്തിന് ഞങ്ങളുടെ കാര്യത്തിൽ ഇടപെടുന്നു സമയത്തിനു മുൻപ് ഞങ്ങളെ പീഡിപ്പിക്കുവാൻ നീ ഇവിടെ വന്നിരിക്കുകയാണ് (മത്താ.8:28-29)." വിശുദ്ധ പൗലോസിന്റെ സാക്ഷ്യവും ഏറെ ശക്തമാണ്. ദമാസ്കസിൽ വെച്ചുണ്ടായ യേശുദർശനത്തിനു ശേഷം "വൈകാതെ യേശു ദൈവപുത്രനാണെന്ന് അവൻ പ്രസംഗിക്കാൻ തുടങ്ങി (അപ്പ.9:20)" "സാവൂളാകട്ടെ കൂടുതൽ ശക്തിയാർജ്ജിച്ച് യേശുതന്നെയാണ് ക്രിസ്തുവെന്ന് തെളിയിച്ചുകൊണ്ട് ദമാസ്കസിൽ താമസിച്ചിരുന്ന യഹൂദന്മാരെ ഉത്തരംമുട്ടിച്ചിരുന്നു." യേശുക്രിസ്തുവിനെ കർത്താവായി സ്വീക

www.malankaralibrary.com


രിക്കുകയും ഏറ്റുപറയുകയുമാണ് രക്ഷയ്ക്കുള്ള ഏകമാർഗ്ഗം എന്നതായിരുന്നു വിശുദ്ധ പൗലോസിന്റെ പ്രബോധനങ്ങളുടെ രത്നച്ചുരുക്കം. "കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുക നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും (അപ്പ.16:31)". "യേശുക്രിസ്തുവിലുള്ള വിശ്വാസംവഴി നിങ്ങളെല്ലാം ദൈവപുത്രന്മാരാണ് (ഗല.3:26)." "യേശു കർത്താവാണെന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചു എന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നിങ്ങൾ രക്ഷപ്രാപിക്കും (റോമ.10:9)." വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിലും ലേഖനങ്ങളിലും യേശുവിന്റെ ദൈവത്വത്തിനാണ് ഊന്നൽ നൽകിയിരിക്കുന്നത്.

തന്റെ ദൈവത്വം തെളിയിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് യേശു നിർവ്വഹിച്ചത്. അവിടുന്ന് പാപം മോചിച്ചു. പാപം ദൈവത്തിനെതിരായുള്ള ദ്രോഹമാണ്. അതിനാൽ ദൈവത്തിനു മാത്രമേ പാപം ക്ഷമിക്കാൻ കഴിയുകയുള്ളു (മർക്കോ.2:5, ലൂക്ക. 7:48, ലൂക്ക.23:24). അവിടുത്തെ ദൈവത്വം തെളിയിച്ചുകൊണ്ട് അവിടുന്ന് ആരാധന സ്വീകരിച്ചു. പുൽക്കൂട്ടിലെത്തിയ ജ്ഞാനികളും ആട്ടിടയൻമാരും ആരാധനയാണ് സമർപ്പിച്ചത്. അവിടുന്ന് മരിച്ചവരെ ഉയിർപ്പിച്ചു, പിശാചുക്കളെ ബഹിഷ്ക്കരിച്ചു. ദൈവത്തെ സ്വന്തം പിതാവെന്ന് ആത്മധൈര്യത്തോടെ വിളിച്ചു (മത്താ.20:23, മത്താ.18:10-11, മത്താ.26:39,53, യോഹ.8:54). ഈ ദൈവപുത്രനെ പൂർണ്ണഹൃദയത്തോടെ നമ്മുടെ നാഥനായി, കർത്താവായി ഏറ്റുപറഞ്ഞു സ്വീകരിക്കുവാനുള്ള അവസരമാണ് ക്രിസ്തുമസ്.

ക്രിസ്തുമസിന്റെ ലക്ഷ്യവും ആന്തരിക ചൈതന്യവും ചോർത്തിക്കളയുന്ന ശൈലിയാണ് ഇന്ന് സാർവ്വത്രികമായിക്കൊണ്ടിരിക്കുന്നത്. ക്രിസ്തുവിനെ മറന്നും, മറച്ചും കമ്പോള ലക്ഷ്യങ്ങളുമായി രക്ഷയുടെ ഈ മഹാസംഭവത്തെ വികൃതമാക്കുന്നതിന് ഉദാഹരണങ്ങൾ ഏറെയാണ്. ബേത്ലഹേമിൽ പിറന്ന ക്രിസ്തുവിനെപ്പറ്റി എല്ലാവരോടും പങ്കുവെച്ച് മടങ്ങിപ്പോയ ആട്ടിടയൻമാരും, ജ്ഞാനികളുമാണ് സ്വർഗ്ഗത്തിന്റെ ദൂതറിയിച്ച ആദ്യത്തെ കരോൾ ശുശ്രൂഷകർ. ക്രിസ്തുവിലേക്ക് കണ്ണുകളെത്താതെ സാന്താക്ലോസിലേക്കും, കൊട്ടാരസമാനമായ പുൽക്കൂട്ടിലേക്കും, കണ്ണഞ്ചിക്കുന്ന വർണ്ണക്കൂട്ടുകളിലേക്കും, നെടുകെതൂക്കുന്ന നക്ഷത്രവ്യൂഹങ്ങളിലേക്കും, ഭക്ഷണമേശയിൽ നിറയുന്ന രുചിഭേദങ്ങളിലേക്കും, മനസ്സിന്റെ താളംതെറ്റിക്കുന്ന നൃത്തച്ചുവടിലേക്കും, പാവപ്പെട്ട മനുഷ്യന്റെ മനസ്സും, ഹൃദയവും, ഭാവനയും തളച്ചിടുന്ന ആഘോഷങ്ങൾ ക്രിസ്തുവിനെ വിസ്മ

www.malankaralibrary.com



രിച്ചുകൊണ്ടുള്ളവയാണെന്നുള്ളതിൽ തർക്കമില്ല. ക്രിസ്തുമസിന്റെ യഥാർത്ഥ ചൈതന്യം തിരിച്ചുപിടിക്കുക എന്നത് സങ്കീർണ്ണമായ ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

ക്രിസ്തുമസ് ആത്യന്തികമായി ഒരു കുടുംബതിരുന്നാളാണ്. ഒരു കുടുംബത്തിലാണ് യേശു പിറന്നത്; ഈ തിരുക്കുടുംബത്തിന്റെ ആദ്യ പ്രത്യക്ഷീകരണം ബേത്‌ലഹേമിലാണ്. മറിയത്തോടും യൗസേപ്പിനോടും ഒത്താണ് പുൽക്കൂട്ടിലെത്തിയവരെല്ലാം ഈശോയെ കണ്ടത്. തിരുസഭയും രൂപപ്പെട്ടതും, വളർന്നതും, നിലനിലൽക്കുന്നതും കുടുംബങ്ങളിലാണ്. അപ്പോസ്തലന്മാരുടെ പ്രവർത്തനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താൽപര്യപൂർവ്വം അവർ പങ്കുചേർന്നു. കാലംമാറി ഇടവകകൾ രൂപംകൊണ്ടു പള്ളികളുണ്ടായി. ദൈവരാജ്യ പ്രവർത്തനങ്ങൾ ദേവാലയ കേന്ദ്രീകൃതമായി. ദേവാലയങ്ങൾ ഇല്ലാതായാലും കുടുംബദേവാലയം നിലനിൽക്കും. ഈ തിരുക്കുടുംബങ്ങളാണ് നമുക്ക് പാഠശാലയായി മാറുന്നതും. തിരുക്കുടുംബത്തെ 'നസ്രേത്തിലെ പാഠശാല' എന്ന് ഫ്രാൻസിസ് മാർപ്പാപ്പ വിളിക്കുന്നു. നമ്മുടെ കുടുംബങ്ങൾ ദേവാലയവും പാഠശാലയുമാണ് എന്ന് മറക്കരുത്. കുടുംബത്തെ തകർക്കുന്ന കാലഘട്ടത്തിന്റെ പ്രലോഭനങ്ങളുടെ കൊടുങ്കാറ്റിനു മദ്ധ്യേ ഉലയാതെ നിൽക്കാൻ ക്രിസ്തു കേന്ദ്രീകൃതമായ കുടുംബ ആത്മീയതയാണ് അനിവാര്യം. കൂദാശജീവിതവും, യാമപ്രാർത്ഥനകളും, നോമ്പ് അനുഷ്ഠാനങ്ങളും, കാരുണ്യപ്രവർത്തനങ്ങളും, സഭാ കൂട്ടായ്മയോടുള്ള ദൃഢബന്ധവും ഇതിന് നമ്മെ സഹായിക്കുന്നു.

2022 ലെ ഈ ക്രിസ്തുമസ് ആഘോഷം കുടുംബ ആത്മീയത പോഷിപ്പിക്കുവാൻ സഹായകമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ലോകരക്ഷകനായ യേശുക്രിസ്തുവിലുള്ള വിശ്വാസം ഒരിക്കൽക്കൂടി നമുക്ക് പ്രഖ്യാപിക്കാം. നമ്മുടെ കുടുംബങ്ങളുടെ നാഥനായി അവിടുത്തെ സ്വീകരിക്കാം. ഓരോ പൈതലും ദൈവദാനമാകുന്നു എന്ന് വിസ്മരിക്കാതെയിരിക്കാം. കുടുംബമായി സുരക്ഷിതമായി പാർക്കാൻ ഒരിടം തേടുന്ന പാവങ്ങളെ മറക്കാതിരിക്കാം. അവിടുത്തെ തിരുപ്പിറവി നൽകുന്ന സന്തോഷവും സമാധാനവും നിങ്ങൾക്ക് ഓരോരുത്തർക്കും ഹൃദയപൂർവ്വം നേരുന്നു.

**ഡോ.സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത**
**പത്തനംതിട്ട രൂപതാധ്യക്ഷൻ**

www.malankaralibrary.com



# THE SYRO- MALANKARA CATHOLIC CHURCH

MORAN MOR BASELIOS CARDINAL CLEEMIS
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

To Unite In Love

Prot No CCL 2/2022

15.12.2022

## സർക്കുലർ

## യുവ കുടുംബങ്ങൾക്കായുള്ള പ്രേഷിത ശുശ്രൂഷ

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

കുടുംബം എന്ന ദൈവകൃപയുടെ അടയാളം ഇന്ന് നേരിടുന്ന വെല്ലുവിളികളെപ്പറ്റി 2019 സെപ്റ്റംബറിൽ നടന്ന നമ്മുടെ സഭയുടെ ദ്വിതീയ അസംബ്ലിയിൽ നാം പഠിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നല്ലോ. കുടുംബങ്ങളെ സംബന്ധിച്ച നമ്മുടെ അജപാലനപരമായ ക്രമീകരണങ്ങളിൽ പുതിയ ഉണർവും ഉൽസാഹവും ഉൾക്കൊള്ളുന്നതിന് അസംബ്ലി ഇടയാക്കിയിട്ടുണ്ട്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നമ്മുടെ സത്വരമായ ശ്രദ്ധ ആവശ്യമുള്ള ഒരു മേഖലയാണ് യുവ കുടുംബങ്ങളുടെ അജപാലന പരിപാലനം. ഒരു പുതിയ കുടുംബം രൂപീകരിക്കപ്പെടുന്ന പ്രാരംഭവർഷങ്ങൾ വിവാഹകൂദാശയുടെ കൃപകൾ സവിശേഷമായി അനുഭവിക്കാവുന്ന കാലമാണ്. അതേ സമയം അത്, മാനുഷികമായി, വിവാഹ ജീവിതത്തിലെ ഏറ്റവുമധികം വെല്ലുവിളികൾ നിറഞ്ഞ കാലവുമാണ്. ദമ്പതികൾ പരസ്പരം വാഗ്ദാനം ചെയ്യുന്ന സ്നേഹം ദൈവത്തിന്റെ കൃപയിൽ പരസ്പരമുള്ള സമർപ്പണമായി രൂപപ്പെടുന്നത് പ്രധാനമായും ഈ കാലയളവിലാണ്. ജീവിതത്തിന്റെ എല്ലാ പ്രായോഗികമായ വശങ്ങളിലും പരസ്പരം ഇടം നൽകുന്നതിന് ദമ്പതികൾ ഇക്കാലത്ത് പരിശീലിക്കുന്നു. ആരംഭനാളുകളിൽ എടുക്കുന്ന തീരുമാനങ്ങൾ ഒരു കുടുംബത്തെ സംബന്ധിച്ച് അടിസ്ഥാനപരമാണ്. ദമ്പതികൾ അവരുടെ മാതൃകുടുംബങ്ങളോട് ബന്ധപ്പെടുന്ന രീതികൾ, മക്കളെ

www.malankaralibrary.com



വളർത്തുന്നതിൽ സ്വീകരിക്കുന്ന ആഭിമുഖ്യങ്ങൾ, പാർപ്പിടവും തൊഴിലും വരുമാനവുമുൾപ്പെടെ അടിസ്ഥാന ജീവിതസൗകര്യങ്ങളിൽ നടത്തുന്ന തെരഞ്ഞെടുപ്പുകൾ - ഇങ്ങനെ ഒരു കുടുംബത്തെ രൂപപ്പെടുത്തുന്ന പ്രധാന തീരുമാനങ്ങളെല്ലാം വിവാഹത്തിന്റെ ആദ്യവർഷങ്ങളിൽ കൈക്കൊള്ളുന്നവയാണ്. ആത്മീയമായ ജീവിതത്തിൽ ഒരുമിച്ച് നടക്കുന്നതിനും അവർ പരിശീലിക്കുന്നത് ഈ കാലയളവിലാണ്.

എല്ലാ കൂദാശകളുടെയും സ്വീകരണം അവയ്ക്ക് യോജിക്കുന്ന ഒരുക്കത്തോടെ ക്രമീകരിക്കുകയും, അവ പ്രദാനം ചെയ്യുന്ന കൃപകളെ ബലപ്പെടുത്തുന്നതിന് സഭാമക്കളെ യഥോചിതം സഹായിക്കുകയും ചെയ്യുന്നത് സഭയുടെ അജപാലനപരമായ സമർപ്പണത്തിന്റെ പരമ പ്രധാനമായ ഭാഗമാണ്. വിവാഹത്തെ സംബന്ധിച്ച് ഈ ശുശ്രൂഷ കുടുംബ പ്രേഷിതത്വം (ഫാമിലി അപ്പോസ്തലേറ്റ്) എന്ന പേരിൽ നമ്മുടെ രൂപതകളിൽ കാര്യക്ഷമമായി നടക്കുന്നുണ്ട്. എന്നാൽ വിവാഹ ജീവിതത്തിന്റെ ആരംഭകാലത്ത് ദൈവികമായി ലഭിക്കുന്ന കൃപയുടെ സമൃദ്ധി കൂടുതൽ ഫലദായകമായിത്തീരുന്നതിനും, പ്രത്യേക വെല്ലുവിളികൾ നേരിടുന്നതിനും നവകുടുംബങ്ങളെ സവിശേഷമായി സഹായിക്കേണ്ടതുണ്ട്. ഇതിനായി യുവകുടുംബങ്ങളെ അജപാലനപരമായി അനുധാവനം ചെയ്യുന്നതിനുള്ള ഒരു പ്രേഷിത ശുശ്രൂഷ (Apostolate) പുതുതായി നമ്മുടെ സഭയിൽ ക്രമപ്പെടുത്തുകയാണ്. Accompanying Young Families (AYF) എന്നാണ് ഈ ശുശ്രൂഷ വിളിക്കപ്പെടുക.

വിവാഹജീവിതത്തിന്റെ ആരംഭത്തിൽ പരസ്പരം സ്നേഹിക്കാനെടുക്കുന്ന തീരുമാനത്തെ ദൈവമഹത്വത്തിനു യോജിച്ച പരസ്പര സമർപ്പണമായി വളർത്താൻ യുവകുടുംബങ്ങൾക്ക് ആത്മീയവും മാനസികവും സാമൂഹ്യവുമായ തുണ നൽകുക എന്നതാണ് ഈ ശുശ്രൂഷയുടെ ലക്ഷ്യം. പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. തോമസ് മാർ യൗസേബിയോസ് തിരുമേനി സഭാതലത്തിൽ ഈ ശുശ്രൂഷയുടെ മേൽനോട്ടം നിർവഹിക്കുന്നതായിരിക്കും. ബഹു. തോമസ് മടുക്കമൂട്ടിൽ അച്ചൻ ഇതിന്റെ സഭാതല കാര്യദർശിയായും (Secretary) ബഹു. സിസ്റ്റർ മേരി ഡൊമിനിക് ഡി.എം. സഹകാര്യദർശിയായും ശുശ്രൂഷ ചെയ്യുന്നതാണ്. ഈ പ്രേഷിത ശുശ്രൂഷയുടെ ഒരു പ്രാഥമിക രൂപരേഖ ഇതിനകം തയ്യാറായിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ രൂപപ്പെടുത്തുന്നതിനും കാലോചിതമായി പരിഷ്കരിക്കുന്നതിനുമുള്ള കൂടുതൽ വിപുലമായ സ്ഥിരം ആലോചനാ സമിതികളും സംവിധാനങ്ങളും താമസംവിനാ ഏർപ്പെടുത്തുന്നതായിരിക്കും.

www.malankaralibrary.com



വിവാഹം കഴിഞ്ഞ് പത്തു വർഷം പൂർത്തിയാകുന്നതുവരെ ദമ്പതികൾ, ഏത് പ്രായത്തിലും ജീവിതസാഹചര്യത്തിലും ഉള്ളവരായാലും, ഈ പ്രേഷിതത്വത്തിൽ പ്രാഥമിക അംഗങ്ങളായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. ഇതിലുള്ള അംഗത്വമോ ഏതെങ്കിലും സവിശേഷ ചുമതലയോ സഭയിലെ മറ്റു സംഘടനകളിലുള്ള അംഗത്വത്തിനോ ചുമലതലകൾക്കോ തടസ്സമാവുകയില്ല.

ഈ പ്രേഷിതത്വത്തിന്റെ പ്രാഥമിക തലം ഇടവകസമൂഹങ്ങളാണെന്ന് വ്യക്തമാണല്ലോ. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ അവരുടെ നിയോഗത്താൽ തന്നെ ഈ ശുശ്രൂഷയുടെ ആത്മീയ നിയന്താതാക്കൾ ആയിരിക്കും. മൂന്നിൽ കൂടുതൽ യുവകുടുംബങ്ങൾ ഉള്ള ഇടവകകളിൽ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിന് യുവദമ്പതികളിൽ നിന്നു തന്നെ ഒരു സെക്രട്ടറിയെ തെരഞ്ഞെടുക്കാവുന്നതാണ്. യുവകുടുംബങ്ങളുടെ ആത്മീയ ജീവിതം ബലപ്പെടുത്തുന്നതിനും, കുടുംബജീവിതത്തിലെ പരസ്പര വിനിമയം മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന മാനസികവും ആത്മീയവുമായ സഹായങ്ങൾ നൽകുന്നതിനും ദമ്പതികളുടെ സഭാജീവിതത്തിലുള്ള പങ്കാളിത്തം സജീവമാക്കുന്നതിനുള്ള പ്രോൽസാഹനം നൽകുന്നതിനുമാണ് ഈ തലത്തിൽ നാം ശ്രദ്ധിക്കേണ്ടത്.

മേജർ അതിരൂപതാ/അതിരൂപതാ/രൂപതാതലങ്ങളിലും, രൂപതകൾക്കുള്ളിൽ മേഖലാതലങ്ങളിലുമായിട്ടാണ് ഈ ശുശ്രൂഷയുടെ നേതൃത്വം ക്രമീകരിച്ചിരിക്കുന്നത്. രൂപതാതലങ്ങളിൽ ഡയറക്റ്ററുടെ ചുമതല വഹിക്കുന്നതിന് ഒരു വൈദികനെയും, സഹായത്തിനായി ഒരു സിസ്റ്ററിനെയും ഒരു അൽമായ സെക്രട്ടറിയെയും രൂപതാദ്ധ്യക്ഷന്മാർ ഇതിനകം നിശ്ചയിച്ചിട്ടുണ്ട്. മേഖലാ തലങ്ങളിൽ സമാനമായ ക്രമീകരണം ഉടൻ ഉണ്ടാകുന്നതായിരിക്കും. ദമ്പതികളുടെ ആത്മീയവും മാനസികവുമായ ബലപ്പെടുത്തലിനുള്ള ക്രിയാത്മക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും, ദമ്പതികൾക്കിടയിലുണ്ടാകുന്ന ഗൗരവമായ പ്രശ്നങ്ങൾക്ക് ഉചിതമായ പരിഹാരം നൽകുന്നതിനുമുള്ള ശുശ്രൂഷകൾ ഈ തലങ്ങളിൽ ക്രമീകരിക്കപ്പെടും. പ്രത്യേകിച്ച് യുവകുടുംബങ്ങളുടെ സ്വകാര്യതയെ പൂർണ്ണമായി മാനിച്ചും, അവരുടെ മാനസികവും ആത്മീയവുമായ ഐക്യം നിലനിൽക്കുന്നത് ദൈവേഷ്ടമായി മനസ്സിലാക്കിയും ഉത്തരവാദിത്തത്തോടെ ശുശ്രൂഷ ചെയ്യുന്ന വൈദികരും സന്യസ്തരും മറ്റു വിദഗ്ധരും അടങ്ങുന്ന ഒരു റിസോഴ്സ് റ്റീം രൂപതാ തലങ്ങളിലും മേഖലാതലങ്ങളിലും രൂപീക

www.malankaralibrary.com



രിക്കപ്പെടേണ്ടതാണ്. ഈ ടീമുകൾ രൂപീകരിക്കുന്നതിനുള്ള അടിസ്ഥാന മാർഗനിർദ്ദേശങ്ങൾ ചുമതലപ്പെട്ടവർക്ക് നൽകുന്നതായിരിക്കും. ഈ രംഗങ്ങളിൽ പ്രവർത്തിക്കുന്ന അജപാലകർക്കും മറ്റുള്ളവർക്കും ആവശ്യമായ സവിശേഷ പരിശീലന പദ്ധതികൾ നിശ്ചയിച്ച് യഥാകാലം അറിയിക്കുന്നതാണ്. ദമ്പതികൾക്ക് ധ്യാനം, ആവശ്യമായ സന്ദർഭങ്ങളിൽ കൗൺസലിംഗ് മുതലാവയ ക്രമീകരിക്കുന്നതിനുതകുന്ന സ്ഥിര അജപാലന സൗകര്യങ്ങൾ രൂപതാ തലങ്ങളിൽ ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കും.

പ്രാരംഭ പ്രവർത്തനമായി കഴിഞ്ഞ പത്തുവർഷങ്ങളിൽ (2012 ജനുവരി മുതൽ) വിവാഹിതരായ എല്ലാവരുടെയും വിവരങ്ങൾ ശേഖരിക്കുന്നതിന് ഒരു ഫോം എല്ലാ ഇടവകകളിലും എത്തിക്കുന്നതാണ്. നിശ്ചയിച്ചിരിക്കുന്ന സമയപരിധിയിൽ വിവര ശേഖരണം പൂർത്തിയാക്കുന്നതിന് ബഹു. വികാരിയച്ചന്മാർ സഹായിക്കണമെന്ന് പ്രത്യേകം ഓർമിപ്പിക്കുന്നു.

നമ്മുടെ സഭ പുതുതായി ഏറ്റെടുത്തിരിക്കുന്ന ഈ അജപാലന സമർപ്പണം അനേകർക്ക് കൃപയുടെ മാർഗമായിത്തീരുന്നതിന് സഭാമക്കളുടെയെല്ലാം പ്രാർത്ഥനാപൂർവമായ സഹകരണം ഉണ്ടാകണമെന്ന് ഞാൻ സ്നേഹപൂർവം ഉദ്ബോധിപ്പിക്കുന്നു. അജപാലകരും അജപാലന മേൽനോട്ടത്തിൽ സഹായിക്കുന്നവരും ഇക്കാര്യങ്ങളിലുള്ള അവരുടെ ഉത്തരവാദിത്വങ്ങൾ ശ്രദ്ധയോടും ഉൽസാഹത്തോടെയും നിർവഹിക്കേണ്ടതാണ്. പ്രത്യേകിച്ചും ഇക്കാര്യങ്ങളിൽ ലഭിക്കുന്ന നിർദേശങ്ങൾ നമ്മുടെ സഭയുടെ പൊതുനിയോഗമായിക്കണ്ട് ഗൗരവമായി പാലിക്കണമെന്ന് ഏവരെയും ദൈവനാമത്തിൽ ഞാൻ ഓർമപ്പെടുത്തുന്നു.

ദൈവത്തിന്റെ കരുണയും അനുഗ്രഹങ്ങളും നിങ്ങളുടെമേൽ എന്നും ധാരാളമായി ഉണ്ടായിരിക്കട്ടെ!

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി,

+Baselios Cleemis

✠ **ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവാ**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ

മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

www.malankaralibrary.com



# THE SYRO-MALANKARA CATHOLIC CHURCH
# EPARCHY OF PATHANAMTHITTA

**Most Rev.Dr. Samuel Mar Irenios**
Bishop of Pathanamthitta

Catholic Bishop's House
Pathanamthitta - 689 645
Ph: 04682-223100, 2223200

**Prot.No. CL 04 / 2022**

## സർക്കുലർ

## അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റെ പൗരോഹിത്യ – മെത്രാഭിഷേക ജൂബിലി

*'എന്തെന്നാൽ അത് നിങ്ങൾക്ക് ജൂബിലി വർഷമാണ്*
*അത് നിങ്ങൾക്ക് വിശുദ്ധമായിരിക്കണം'*

ലേവ്യർ 25,12.

വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, റമ്പാന്മാരേ, ബഹു.വൈദികരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

പത്തനംതിട്ട രൂപതയുടെ പ്രഥമ ഇടയൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലിയും മെത്രാഭിഷേകത്തിന്റെ രജത ജൂബിലിയും ആഘോഷിക്കുന്ന അനുഗ്രഹീത കാലയളവാണ് ഇത്. ദൈവഹിതത്തിന് നിരന്തരം കാതോർത്ത് തനിക്ക് ഏൽപ്പിക്കപ്പെട്ട ദൗത്യം ഉത്തമനായ കാര്യ വിചാരിപ്പുകാരനെ പോലെ പൂർത്തിയാക്കാൻ നിരന്തരം ശ്രദ്ധിക്കുന്ന അഭിവന്ദ്യ പിതാവിന്റെ കർമ്മമണ്ഡലങ്ങളെല്ലാം ദൈവാനുഗ്രഹത്തിന്റെ വേദികളായി പരിണമിച്ചു.

1944 മെയ് 19 ന് പത്തനംതിട്ട ജില്ലയിലെ കടമ്മനിട്ടയിൽ കല്ലൂർ കുടുംബത്തിൽ ജനിച്ച പിതാവ് പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം 1963 ൽ വൈദിക പഠനത്തിനായി തിരുവനന്തപുരം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്നു. തിരുവനന്തപുരത്തെയും തൃശ്നാപ്പള്ളിയിലെയും പരിശീലനത്തെ തുടർന്ന് 1973 മെയ് 5 ന് ഭാഗ്യസ്മരണാർഹനായ ബെനഡിക്ട് മാർ ഗ്രിഗോറിയോസ്

www.malankaralibrary.com



മെത്രാപ്പോലീത്തായാൽ വൈദികനായി അഭിഷിക്തനായി. വെണ്ണിയൂർ, ചൊവ്വര, മുല്ലൂർ, വിഴിഞ്ഞം എന്നീ മിഷനുകളിലും പിരപ്പൻകോട് പ്രദേശത്ത് ആതുര ശുശ്രൂഷ ഉൾപ്പെടെയുള്ള വിവിധ സംരംഭങ്ങളിലും ആത്മ സമർപ്പണത്തോടെ ജോലി ചെയ്ത ജോൺ കല്ലൂരച്ചൻ പിന്നീട് അമേരിക്കൻ ഐക്യനാടുകളിലേക്ക് ഗ്രിഗോറിയോസ് പിതാവിനാൽ അയക്കപ്പെട്ടു. 1985 മുതൽ 1998 വരെ അദ്ദേഹം നടത്തിയ തീഷ്ണതയേറിയ ശുശ്രൂഷകൾ ആണ് പിൽക്കാലത്ത് മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ആ പ്രദേശത്ത് കരുത്തായതും ഇന്ന് ഒരു രൂപതയുടെ ഉത്ഭവത്തിനു കാരണമായതും. 1998 ജൂൺ 29 ന് മാർ ക്രിസോസ്റ്റം എന്ന പേര് സ്വീകരിച്ച് മെത്രാനായ അദ്ദേഹത്തിന്റെ കർമ്മമണ്ഡലം മാർത്താണ്ഡം രൂപതയായിരുന്നു. ശൈശവദശയിലായിരുന്ന രൂപതയെ ആളുകൊണ്ടും അർത്ഥം കൊണ്ടും വളർത്തിയെടുക്കാൻ വന്ദ്യ പിതാവിന്റെ ശുശ്രൂഷകൾക്ക് സാധിച്ചു. വിദ്യാഭ്യാസ മേഖലയിലും പൊതുസമൂഹത്തിന്റെ നാനാവിധ വളർച്ചയിലും തമിഴകത്തിന് നിസ്തുല സംഭാവനകൾ നൽകാൻ പിതാവിനു കഴിഞ്ഞു. 2010 ജനുവരി 25 ന് പത്തനംതിട്ട കേന്ദ്രമാക്കി പുതിയൊരു രൂപതയ്ക്ക് തിരുസിംഹാസനം അനുമതി നൽകിയപ്പോൾ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിനെയാണ് ആ നിയോഗം ഭരമേൽപ്പിച്ചത്. 2010 മാർച്ച് 20 മുതൽ 2019 ജൂൺ 8 വരെ ദൈവദത്തമായ ഈ ശുശ്രൂഷ അദ്ദേഹം സ്തുത്യർഹമാംവണ്ണം നിർവ്വഹിച്ചു. അടിസ്ഥാന പരമായി ഉണ്ടാകേണ്ട എല്ലാ കാര്യങ്ങളും ഈ രൂപതയ്ക്ക് നൽകാൻ അദ്ദേഹത്തിനു കഴിഞ്ഞു. തുടർന്ന് ഔദ്യോഗിക സ്ഥാനത്തു നിന്ന് വിരമിച്ചെങ്കിലും നമ്മുടെ വാത്സല്യനിധിയായ പിതാവായി സമസ്ത മേഖലകളിലും തന്റെ സാന്നിദ്ധ്യവും പ്രാർത്ഥനയും നൽകിക്കൊണ്ട് നിക്ഷിപ്തമായിരിക്കുന്ന അപ്പോസ്തോലിക ദൗത്യം അദ്ദേഹം നിർവ്വഹിക്കുന്നു.

സംഭവബഹുലമായ ആ ജീവിതത്തിന്റെ വ്യത്യസ്ത അടരുകളെ ധ്യാനിക്കാനും ആ ധന്യജീവിതം നമുക്ക് നൽകുന്ന ആത്മീയ പ്രചോദനങ്ങൾ ഏറ്റെടുക്കാനും ഈ ജൂബിലി വർഷത്തിൽ നമുക്ക് പരിശ്രമിക്കാം. തന്റെ അടുക്കൽ സഹായം അഭ്യർത്ഥിച്ചു വന്ന ആരെയും വെറും കയ്യോടെ മടക്കിവിടാൻ പിതാവിന് മനസ്സ് വരില്ല. കരഞ്ഞു കലങ്ങിയ കണ്ണുകളുമായി വരുന്നവർ പ്രത്യാശയോടും സന്തോഷത്തിന്റെ തിളക്കത്തോടും മടങ്ങുന്ന കാഴ്ച നാമെല്ലാം നിരവധി തവണ കണ്ട് അനുഭവിച്ചവരാണ്. ചെറിയവരെയും വലിയവരെയും ഒരുപോലെ

www.malankaralibrary.com



ഉൾക്കൊള്ളാനും സ്വീകരിക്കാനും ശ്രവിക്കാനും പിതാവിന് സാധിക്കുന്നു. ആഴമായ ആത്മീയതയും ദൈവാനുഭവവും എല്ലാ പ്രവർത്തനങ്ങളിലും അദ്ദേഹത്തിന് ഉൾക്കരുത്തായി. ദേവാലയങ്ങളിൽ പ്രഭാത യാമങ്ങളിൽ പ്രാർത്ഥിക്കാനും അതുവഴി നിയോഗങ്ങളെല്ലാം ദൈവസന്നിധിയിൽ സമർപ്പിക്കാനും പിതാവ് എപ്പോഴും ശ്രമിക്കുന്നു. വ്യക്തിബന്ധങ്ങൾ ആഴത്തിൽ സൂക്ഷിക്കുന്ന വന്ദ്യപിതാവ് ഇടപെടുന്ന വ്യക്തികളുടെ പേരുകൾ ഓർത്തിരിക്കാനും അവരോട് സൗഹൃദം പുതുക്കാനും നിതാന്ത ജാഗ്രതയും താൽപര്യവും പ്രദർശിപ്പിക്കുന്നു. തന്റെ ബന്ധങ്ങളും സൗഹൃദങ്ങളും എല്ലാം രൂപതയുടെ വളർച്ചയ്ക്കും പൊതുനന്മയ്ക്കുമായി അദ്ദേഹം വിനിയോഗിക്കുന്നു. ആതുര ശുശ്രൂഷ മേഖലകളിലും വിപ്ലവകരമായ ചലനങ്ങൾ സൃഷ്ടിക്കാൻ പിതാവിന്റെ പ്രവർത്തനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. ഓരോ വർഷവും നാമഹേതുക തിരുനാൾ ആഘോഷങ്ങളോടനുബന്ധിച്ച് നടത്തിയിരുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ എത്രയും ശ്ലാഘനീ യമായിരുന്നു. അനേകം കുടുംബങ്ങളിൽ അത് ആശ്വാസമായി. വൈദികരോട് പ്രത്യേക സ്നേഹവും മമതയും പിതാവ് എപ്പോഴും സൂക്ഷിക്കുന്നു. അതോടൊപ്പം സഭയോട് ആഴമായ ബന്ധവും സ്നേഹവും പുലർത്താനും പരിപൂർണ്ണ അനുസരണം സഭാധികാരികൾക്ക് നൽകാനും അദ്ദേഹം പ്രതിജ്ഞാബദ്ധനാണ്. ലാളിത്യവും കൃത്യനിഷ്ഠയും കാർക്കശ്യവും സമഞ്ജസമായി സമ്മേളിക്കുന്ന ആ വ്യക്തിപ്രഭാവം ആരെയും ആകർഷിക്കുന്നതാണ്.

വന്ദ്യ പിതാവിന്റെ മെത്രാഭിഷേക - പൗരോഹിത്യ ജൂബിലികൾ ഒരു വർഷം തന്നെ വരുന്നു എന്നത് വലിയ ദൈവപരിപാലനയായി നാം തിരിച്ചറിയുന്നു. 2022 നവംബർ മാസം 26-ാം തീയതി നമ്മുടെ രൂപതാ തലത്തിൽ വിവിധ പരിപാടികളോടെ ജൂബിലി ആഘോഷങ്ങൾ നടത്തപ്പെടുന്നതാണ്. രാവിലെ എട്ടുമണിക്ക് നമ്മുടെ കത്തീഡ്രൽ ദേവാലയത്തിൽ അഭിവന്ദ്യ പിതാവ് ദിവ്യബലി അർപ്പിക്കുന്നു. നമ്മുടെ എല്ലാ ബഹുമാനപ്പെട്ട അച്ചന്മാരും ഈ പരിശുദ്ധ കുർബാനയിൽ സഹകാർമികരായിരിക്കും. നമ്മുടെ എല്ലാ ഇടവകകളിൽ നിന്നുമുള്ള ട്രസ്റ്റി, സെക്രട്ടറി, സൺഡേസ്കൂൾ ഹെഡ്മാസ്റ്റേഴ്സ് എന്നിവർ പ്രാതിനിധ്യ സ്വഭാവത്തോടെ ഈ ദിവ്യബലിയിൽ സംബന്ധിക്കേണ്ടതാണ്. എല്ലാ സംഘടനകളുടെയും രൂപതാതല ഭാരവാഹികളും സംബന്ധിക്കണം. ദിവ്യബലിയെ തുടർന്ന് അനുമോദന സമ്മേളനവും അഞ്ചിന ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും നടത്തപ്പെടും.


www.malankaralibrary.com



അന്നേദിവസം വൈകിട്ട് ഓമല്ലൂർ ദർശന ഓഡിറ്റോറിയത്തിൽ നടത്തുന്ന സംഗമത്തിൽ നമ്മുടെ എല്ലാ അഭിവന്ദ്യ പിതാക്കന്മാരും രാഷ്ട്രീയ സാമുദായിക നേതാക്കന്മാരും വൈദികരും സന്യസ്തരും മറ്റ് പ്രത്യേക ക്ഷണിതാക്കളും പങ്കെടുക്കും.

നമ്മുടെ എല്ലാ ഇടവകകളിലും ഡിസംബർ മാസം 4-ാം തീയതി അഭിവന്ദ്യ പിതാവിനു വേണ്ടി പരിശുദ്ധ കുർബാന അർപ്പിക്കുകയും പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യണം. ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഇടവക തലത്തിലും ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നത് ഉചിതമായിരിക്കും. അങ്ങനെ അഭിവന്ദ്യ പിതാവിന്റെ ജൂബിലിവർഷം നന്മകളും കൃപകളും പ്രാപിക്കാനുള്ള അവസരമായി നമുക്ക് വിനിയോഗിക്കാം. പിതാവിനെ നമ്മുടെ പ്രാർത്ഥനകളിൽ നിരന്തരം ഓർക്കാം. പിതാവിന്റെ എല്ലാ ശുശ്രൂഷകളെയും നന്ദിപൂർവ്വം അനുസ്മരിക്കാം. സർവ്വശക്തനായ ദൈവം ഈ ജൂബിലി ആഘോഷങ്ങളെയും നമ്മുടെ രൂപതയേയും എല്ലാ കുടുംബങ്ങളേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ക്രിസ്തുവിൽ സ്നേഹപൂർവ്വം,



**ഡോ.സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത**
**പത്തനംതിട്ട രൂപതാധ്യക്ഷൻ**

നവംബർ 23, 2022

www.malankaralibrary.com



# THE SYRO-MALANKARA CATHOLIC CHURCH
# EPARCHY OF PATHANAMTHITTA

**Most Rev.Dr. Samuel Mar Irenios**
Bishop of Pathanamthitta

Catholic Bishop's House
Pathanamthitta - 689 645

Prot.No. CL 06 / 2022

## സർക്കുലർ

## രൂപതാ ദിനാചരണം-2023

പത്തനംതിട്ട ഭദ്രാസനം സ്ഥാപിതമായിട്ട് 2023 ജനുവരി 25 ന് പതിമൂന്നുവർഷം പൂർത്തിയാവുകയാണ്. കാരുണ്യ വാനായ ദൈവത്തിന്റെ വലിയ പരിപാലനയുടെ വർഷ ങ്ങളാണ് നാം പിന്നിട്ടത്. ദൈവസന്നിധിയിൽ നമുക്ക് കൃതജ്ഞതാനിർഭരരാകാം. അനേകരുടെ പ്രാർത്ഥനയും പിൻബലവും ഈ കാലമത്രയും നമുക്ക് തുണയായിരു ന്നുവെന്നത് ഹൃദയപൂർവ്വം അനുസ്മരിക്കാം.

രൂപതാദിനാചരണത്തിന്റെ ഭാഗമായി 2023 ജനുവരി 6-ാം തീയതി രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1 മണിവരെ നമ്മുടെ ഇടവകകളിൽ പ്രാർത്ഥനാ ഗ്രൂപ്പുകൾക്ക് (വായനകൾ) നേതൃത്വം നൽകുന്ന പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും ഭദ്രാസനത്തിലെ എല്ലാ സുവിശേഷ സംഘാംഗങ്ങളുടെയും സംഗമം പത്തനംതിട്ട കത്തീഡ്രൽ ദൈവാലയത്തിൽ വെച്ച് നടത്തുന്നതാണ്. അഭിവന്ദ്യ പ്രിൻസ് പാണേങ്ങാടൻ പിതാവ് ക്ലാസുകൾ നയിക്കും. ഈ നല്ല അവസരം ഗൗരവപൂർവ്വം ഉപയോഗിക്കണമെന്ന് താല്പര്യപ്പെടുന്നു. 22-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ഇടവകകളിലും രൂപതാ ദിനാചരണത്തിന്റെ ഭാഗമായി വിശുദ്ധ കുർബാന അർപ്പി ക്കുകയും പ്രാർത്ഥിക്കുകയും വേണം. രൂപതാ ദിനമായ ജനുവരി 25-ാം തീയതി രാവിലെ 7.00 മണിക്ക് സെന്റ് പീറ്റേഴ്സ് കത്തീഡ്രലിൽ അർപ്പിക്കുന്ന വിശുദ്ധ കുർബാനയിൽ ഭദ്രാസനത്തിലെ എല്ലാ വൈദികരും സഹകാർമ്മികരായിരിക്കും. എല്ലാവരുടെയും സാന്നിദ്ധ്യം അഭ്യർത്ഥിക്കുന്നു.

www.malankaralibrary.com



രൂപതാ ദിനാചരണത്തിന്റെ ഭാഗമായി രൂപതാദ്ധ്യക്ഷനെ കണ്ട് ഓരോ ഇടവകയുടെയും സ്ഥാപനത്തിന്റെയും കാര്യങ്ങൾ ചർച്ച ചെയ്യാനും സഭ ഏറ്റെടുത്തിട്ടുള്ള 'സാന്തോം ഭവന പദ്ധതിക്ക്' സംഭാവന നൽകാനും വേണ്ട ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. അതിന്റെ സമയക്രമം ഇതോടൊപ്പം ചേർത്തിട്ടുണ്ട്. 2030 ന് മുമ്പ് നമ്മുടെ ഭദ്രാസനത്തിലെ എല്ലാ കുടുംബങ്ങൾക്കും താമസ യോഗ്യമായ ഭവനം ഉണ്ടാകണമെന്ന ലക്ഷ്യം വെച്ചുകൊണ്ട് ആരംഭിച്ചിരിക്കുന്ന 'സാന്തോം ഭവന പദ്ധതി' പ്രകാരം ഇതിനകം 65 ഭവനങ്ങളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്. 2030 ന് മുമ്പ് ഈ ലക്ഷ്യം യാഥാർത്ഥ്യമാക്കാൻ എല്ലാവ രുടെയും ആത്മാർത്ഥമായ സഹകരണം ലഭിക്കേണ്ടതുണ്ട്. ഇതിനുള്ള ധനശേഖരണത്തിന് മുഖ്യമായും രണ്ട് മാർഗ്ഗങ്ങ ളാണ് നാം സ്വീകരിച്ചിട്ടുള്ളത്. ഒന്നാമതായി, രൂപതാ ദിനാചരണത്തിന്റെ ഭാഗമായി രൂപതാദ്ധ്യക്ഷനെ സന്ദർശിച്ച് ഇടവകകളും സ്ഥാപനങ്ങളും അഭ്യുദയകാംക്ഷികളും നൽകുന്ന സംഭാവനയും വിവിധ സന്ദർഭങ്ങളിൽ രൂപതാ ദ്ധ്യക്ഷന് കിട്ടുന്ന കൈമുത്തുമാണ്. രണ്ടാമതായി, നമ്മുടെ എല്ലാ ഭവനങ്ങളിലും ഏൽപ്പിച്ചിട്ടുള്ള കാണിക്കവഞ്ചി വഴി ലഭിക്കുന്ന നേർച്ച. ഈ നേർച്ച വഞ്ചികൾ 2023 ജനുവരി 30 ന് മുമ്പായി ശേഖരിക്കുകയും, ഓരോ വഞ്ചിയിലും നിക്ഷേപിച്ചിട്ടുള്ള തുക എണ്ണിതിട്ടപ്പെടുത്തി ഓരോ കുടുംബത്തിനും രസീത് നൽകുകയും വേണം. ഇതിനുള്ള ഉത്തരവാദിത്തം ബഹുമാനപ്പെട്ട വികാരിയച്ചന്റെ നിർദ്ദേശ ങ്ങൾക്ക് വിധേയമായി പ്രാർത്ഥന ഗ്രൂപ്പ് പ്രസിഡന്റും സെക്രട്ടറിയും നിർവ്വഹിക്കേണ്ടതാണ്. അതിനോടൊപ്പം 2023-2024-ലേക്കുള്ള നേർച്ച വഞ്ചി ഓരോ ഭവനത്തെയും ഏൽപ്പിക്കേണ്ടതുണ്ട്.

നമ്മുടെ നേർച്ച ഭദ്രാസന തലത്തിൽ നടക്കുന്ന വലിയ ഒരു ജീവകാരുണ്യ ശുശ്രൂഷയ്ക്ക് വേണ്ടിയുള്ളതാണ് എന്ന് ദയവായി മറക്കരുത്. ഞായറാഴ്ച ഒഴികെയുള്ള ഓരോ ദിവസവും കുറഞ്ഞത് 5 രൂപ ആ വഞ്ചിയിൽ കുടുംബം നിക്ഷേപിക്കണം. ഞായറാഴ്ച ഇടവക ദൈവാലയത്തിൽ നേർച്ച നിക്ഷേപിക്കണമല്ലോ. നാം സമർപ്പിക്കുന്ന ഈ നേർച്ച, കൃഷിക്കാരൻ വിത്ത് വിതയ്ക്കുന്നത് പോലെയാണ്. ഈ ദശാംശസമർപ്പണം ജീവിതത്തിന്റെ എല്ലാ മേഖലകളിലും നൂറ്മേനി കൊയ്തെടുക്കാൻ സഹായ കമാകും എന്നതിൽ സംശയമില്ല. നമ്മുടെ ജീവിതം ആകമാനം ഐശ്വര്യപൂർണ്ണമാകാനുള്ള അടിസ്ഥാന നിക്ഷേപമായി കാരുണ്യവാനായ ദൈവം ഇത് സ്വീകരിക്കും.

www.malankaralibrary.com



നമ്മുടെ സഹായം കൂടാതെ 'സ്വന്തം ഭവനം' എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ സാധിക്കാത്ത നൂറുകണ ക്കിന് കുടുംബങ്ങൾ കൃതജ്ഞതാനിർഭരരായി ചൊരിയുന്ന ആനന്ദ കണ്ണുനീർ നമ്മുടെ ജീവിതത്തെ സമ്പന്നമാക്കാൻ സഹായകമാകും. സംഭാവനകളുടെ വിവരങ്ങൾ രൂപതാ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതാണ്. നമ്മുടെ കർത്താ വിന്റെ തിരുശരീരരക്തങ്ങൾ ഒരേ മേശയിൽ നിന്നും ഭക്ഷി ക്കുന്ന നമ്മുടെ സഹോദരങ്ങളുടെ അടിസ്ഥാന ആവശ്യ ങ്ങൾ നിറവേറ്റി കൊടുക്കാൻ നമുക്ക് കൈകോർക്കാം.

പ്രിയപ്പെട്ടവരെ, നാം ഭദ്രാസനമായി 14-ാം വർഷത്തി ലേക്ക് പ്രവേശിക്കുകയാണ്. അവിടുത്തെ കരുണയിൽ നമുക്ക് ആശ്രയിക്കാം. നമ്മുടെ ഉപകാരികളെ അനുസ്മ രിക്കാം. 'എന്റെ സഭ എന്റെ കുടുംബം' എന്ന മനോഭാവ ത്തോടെ എല്ലാ തലങ്ങളിലുമുള്ള ബന്ധങ്ങളെ കൂടുതൽ ദൃഢപ്പെടുത്താൻ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.

ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും എല്ലാ അനുഗ്രഹങ്ങളും ഹൃദയപൂർവ്വം എല്ലാവർക്കും ആശംസിക്കുന്നു.

20 ഡിസംബർ 2022

**സാമുവേൽ മാർ ഐറേനിയോസ്**
**പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ**

## അനുമോദനങ്ങൾ




**സി. ബി. സി. ഐ പ്രസിഡന്റായും വൈസ് പ്രസിഡന്റായും തിരഞ്ഞെടുക്കപ്പെട്ട അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനും, അഭിവന്ദ്യ ജോസഫ് മാർ തോമസ് പിതാവിനും പത്തനംതിട്ട ഭദ്രാസനത്തിന്റെ അനുമോദനങ്ങൾ.**

www.malankaralibrary.com



## 10 JANUARY 2023

| | | |
|---|---|---|
| 9:00 - 9:15 | - | Ranni Perunadu, Laha |
| 9:15 - 9:30 | - | Thonikadav, Kochukulam, Mundanmala Ashramam |
| 9:30 - 9:45 | - | Vadasserikara |
| 9:45 - 10.00 | - | Maniyar - Amalagiri |
| 10:00 - 10.15 | - | Thottamon - Thekkummala |
| 10:15 - 10.30 | - | Kumplampoika |
| 10:30 - 10.45 | - | Puthukulam |
| 10:45 - 11.00 | - | Puthusserimala - Kattoor |
| 11:00 - 11:15 | - | Mannarakulanji |
| 11:15 - 11:30 | - | Mekozhoor - Uthimmood |
| 11:30 - 11:45 | - | Kumbazha - Anjilikunnu |
| 11:45 - 12:00 | - | Vayalathala |
| 12:00 - 12:15 | - | Kizhakkupuram |
| 3:30- 3:45 | - | Kizhavalloor |
| 3:45 - 4:00 | - | Mylapra - Marygiri |
| 4:00 - 4:15 | - | Attachackal |
| 4:15 - 4:30 | - | Chengara |
| 4:30 - 4:45 | - | Carmala Parish |
| 4:45 - 5:00 | - | Athumpumkulam - Avolikuzhy |

## 12 JANUARY 2023 - AFTERNOON

| | | |
|---|---|---|
| 3:00 -3:15 | - | Elimullumplackal + Keekozhoor |
| 3:15 -3:30 | - | Mannera + Thekkuthodu |
| 3:30 -3:45 | - | Thannithodu + Karimanthodu+ |
| 3:45 -4:00 | - | Chittar |
| 4:00 -4:15 | - | Seethathodu + Gurunathanmannu |
| 4:15 -4:30 | - | Moolakkayam + Pampavalley |

www.malankaralibrary.com



| | | |
|---|---|---|
| 4:45 -5:00 | - | Angamoozhy + Kottamonpara |
| 5:00 -5:15 | - | Vayyattupuzha + Pampini |
| 5:15 -5:30 | - | Prathyasha Bhavan |

## 13 JANUARY 2023

| | | |
|---|---|---|
| 9:00 - 9:15 | - | Konnithazham |
| 9:15 - 9:30 | - | Konni |
| 9:30 - 9:45 | - | Lakkoor + Karunyabhavan |
| 9:45 - 10.00 | - | Poomkavu + Valanchuzhy |
| 10:00 - 10.15 | - | Vakayar |
| 10:15 - 10.30 | - | Pezhumkal + Murinjakal |
| 10:30 - 10.45 | - | Athirumkal +Kalleli |
| 10:45 - 11.00 | - | Kokkathodu + Kallelithottam |
| 11:00 - 11:15 | - | Koodal |
| 11:15 - 11:30 | - | Nedumonkavu + Angadical |
| 11:30 - 11:45 | - | Chandanapally |
| 11:45 - 12:00 | - | Vazhamuttom |
| 12:00 - 12:15 | - | Attarikom + Thonniamala |

## 13 JANUARY 2023 AFTERNOON

| | | |
|---|---|---|
| 3:00 - 3:15 pm | - | Omalloor + Kaippattoor |
| 3:15- 3:30 | - | Mezhuveli East & West |
| 3:30- 3:45 | - | Aranmula + Kurichimuttom |
| 3:45 - 4:00 | - | Ullannoor |
| 4:00 - 4:15 | - | Ulanadu |
| 4:15 -4:30 | - | Karakkad + Kulanada+Kurampala |
| 4:30 -4:45 | - | Oonnukal |
| 4:45 -5:00 | - | Paranthal |
| 5:00 -5:15 | - | Anandapally + Pongaladi |

www.malankaralibrary.com


## 14 JANUARY 2023

| | | |
|---|---|---|
| 9:00 - 9:15 | - | SH, TTI, Mylapra |
| 9:15 - 9:30 | - | Higher Secondary School, Mylapra |
| 9:30 - 9.45 | - | SH, High School, Mylapra |
| 9:45 - 10:00 | - | St. Mary's LP School, Mylapra |
| 10:00- 10:15 | - | St. Benedict's High School, Thannithodu |
| 10:15 - 10.30 | - | St. George Public School, Thannithodu |
| 10:30 - 10.45 | - | SAVHS, Angamoozhy |
| 10:45 - 11.00 | - | MSC UPS, Kottamonpara |
| 11:00 - 11:15 | - | St. Thomas UPS, Perunadu |
| 11:15 - 11:30 | - | St. Thomas UPS, Thonniyamala |
| 11:30 - 11:45 | - | St. Thomas UPS, Vakayar |
| 11:45 - 12:00 | - | MSC LPS, Konnithazham |
| 12:00 - 12:15 | - | MSC LPS, Mannarakulanji |
| 12:15 - 12:30 | - | MSC LPS, Ulanadu |

## 14 JANUARY 2023 AFTERNOON

| | | |
|---|---|---|
| 2:30 - 2:45 | - | MSC LPS, Pongaladi |
| 2:45- 3:00 | - | MSC LPS, Nariyapuram |
| 3:00 - 3:15 | - | MSC LPS, Vettoor |
| 3:15 - 3:30 | - | MSC LPS, Nannuvakkad |
| 3:30 - 3:45 | - | MSC LPS, Ullannoor |
| 3:45 - 4:00 | - | MSC LPS, Ullannoor |
| 4:00- 4:15 | - | MSC LPS, Thumpamon |
| 4:15 -4:30 | - | All Saints School, Adoor |
| 4:30 -4:45 | - | Carmel School, Payyanamon |
| 4:45 -5:00 | - | Mar Ivanios School, Vadasserikara |

www.malankaralibrary.com



| | | |
|---|---|---|
| 5:00 -5:15 | - | Madona School, Pathanamthitta |
| 5:15 - 5:30 | - | MSC LPS Omalloor |
| 5:30 - 5:45 | - | MSC LPS, Valiyanthi |
| 5:45 - 6:00 | - | ITC, Seethathodu |
| 6:00 - 6:15 | - | ABHS, Omalloor |

## 16 JANUARY 2023

| | | |
|---|---|---|
| 3:00 - 3:45 pm | - | V - Kottayam + Elappupara |
| 3:45- 4:00 | - | Cheekkanal + Ashwasabhavan |
| 4:00- 4:15 | - | Thottupuram |
| 4:15 -4:30 | - | Elanthoor |
| 4:30 -4:45 | - | Prakkanam + Pulinthitta |
| 4:45 -5:00 | - | Thatta |
| 5:00 -5:15 | - | Anandapally + Pongaladi |
| 5:00 -5:15 | - | Valliyanthi + Thykkavu Ashram |

## 18 JANUARY 2023

| | | |
|---|---|---|
| 9:00 - 9:15 | - | Mar Chrysostom College, Paranthal |
| 9:15 - 9:30 | - | Muttathukonam |
| 9:30 - 9:45 | - | Mulanthara |
| 9:45 - 10.00 | - | Pandalam |
| 10:00 - 10.15 | - | Thumpamon |
| 10:15 - 10.30 | - | Oottupara |
| 10:30 - 10.45 | - | Kadammanitta |
| 10:45 - 11.00 | - | Naranganam +Karimpekkal |
| 11:00 - 11:15 | - | Puthenpeedika |
| 11:15 - 11:30 | - | Cathedral |

www.malankaralibrary.com



## 19 JANUARY 2023

| | | |
|---|---|---|
| 9:00 - 9:15 | - | Erathumpamon + Pampumala |
| 9:15 - 9:30 | - | Ramanchira |
| 9:30 - 10:00 | - | DM Sisters |
| 10:00 - 10:30 | - | SIC Sisters |
| 10:30 - 11:00 | - | Gethasemane Sisters |
| 11:00 - 11.30 | - | Vincentian Sisters |
| 11:30 - 12.00 | - | SMS Sisters, Payyanamon |
| 12:00 - 12.30 | - | FDSHJ Sisters, Lakkoor |
| 3:00 - 3:15 | - | MCA |
| 3:15 - 3:30 | - | MCYM |
| 3:30 - 3:45 | - | Vincent Depaul |
| 3:45 -4:00 | - | Mathrusamajam |
| 4:00 - 4:15 | - | Social Service |
| 4:15 - 4:30 | - | Minor Seminary |
| 4:30 - 4:45 | - | St. Basil Capuchin Ashram |
| 4:45 - 5:00 | - | Clergy Home |

## രൂപതാ വാർത്തകൾ

### പ്രാർത്ഥനായോഗം ഭാരവാഹികളുടെയും സുവിശേഷ സംഘാംഗങ്ങളുടേയും സംഗമം

നവീകരണ വർഷാചരണത്തിന്റെ ഭാഗമായി പത്തനംതിട്ട രൂപതയിലെ എല്ലാ ഇടവകകളിലെയും പ്രാർത്ഥനായോഗം ഭാരവാഹികളുടെയും സുവിശേഷ സംഘാംഗങ്ങളുടേയും സംഗമം 2023 ജനുവരി 06 വെള്ളിയാഴ്ച രാവിലെ 9.30 മുതൽ പത്തനംതിട്ട കത്തീഡ്രൽ ദേവാലയത്തിൽ വെച്ച് നടത്ത പ്പെടുന്നു. അന്നേദിവസം അഡീലാബാദ് രൂപത അദ്ധ്യക്ഷൻ അഭിവന്ദ്യ പ്രിൻസ് പനങ്ങാടൻ പിതാവ് ക്ലാസ്സുകൾ നയിക്കും. പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പൊലീത്ത ഉദ്ഘാടനം നിർവ്വഹിക്കുന്ന സമ്മേളനത്തിലേക്ക് എല്ലാ പ്രാർത്ഥനായോഗം ഭാരവാഹികളും കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു.

www.malankaralibrary.com



## ക്രിസ്തുമസ് സംഗമവും, അനുമോദന സമ്മേളനവും

പത്തനംതിട്ട ഭദ്രാസനത്തിലെ അച്ചന്മാരുടെ ക്രിസ്തുമസ് സംഗമവും മെത്രാഭിഷേകത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പൊലീത്തായെ അനുമോദിച്ചുകൊണ്ടുള്ള യോഗവും ഡിസംബർ മാസം 22-ാം തീയതി രാവിലെ 9.30 ന് പത്തനംതിട്ട അരമനയിൽവെച്ച് നടത്തപ്പെടുന്നു.

### വിശ്വാസ പരിശീലന കാര്യാലയ വാർത്തകൾ

**എം. സി. സി. എൽ ലീഡേഴ്സ് മീറ്റ്**

മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗ് (**M.C.C.L**) ലീഡേഴ്സ് മീറ്റ് : മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗ് (**M.C.C.L**) ലീഡേഴ്സ് മീറ്റ് 2022 നവംബർ 12 ന് പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രലിൽ വച്ച് നടത്തപ്പെട്ടു. പത്തനംതിട്ട രൂപതയുടെ പ്രഥമ അദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലിത്ത അനുഗ്രഹ സന്ദേശം നൽകി. പത്തനംതിട്ട രൂപത പി. ആർ. ഒ ബഹുമാനപ്പെട്ട ജോയൽ പൗവ്വത്ത് അച്ചൻ ഓറിയന്റേഷൻ ക്ലാസിന് നേതൃത്വം നൽകി. ത്യാഗമനസ്സോടെ കടന്നു വന്ന എല്ലാവർക്കും വിശ്വാസ പരിശീലന കാര്യാലയത്തിന്റെ നന്ദി.

**അഭിവന്ദ്യ ക്രിസോസ്റ്റം പിതാവിന് അനുമോദനങ്ങൾ**

പൗരോഹിത്യ സുവർണ്ണ ജൂബിലിയും, മെത്രാഭിഷേക രജത ജൂബിലിയും നാമഹേതുക തിരുന്നാളും സമുചിതമായി ആഘോഷിക്കുന്ന അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിക്ക് എം. സി.സി.എൽ കുഞ്ഞുങ്ങൾ ആശംസകൾ അറിയിച്ച് പൂക്കൾ നൽകി. കുഞ്ഞുങ്ങളുടെ പ്രതിനിധി ഷിവോൺ കെ. ഷിബു ആശംസകൾ അറിയിക്കുകും ജോസ്ന ജോസഫ് പിതാവിന്റെ ചിത്രം വരച്ച് നൽകുകയും ചെയ്തു. പ്രസ്തുത മീറ്റിംഗിൽ എല്ലാ ഇടവകകളിൽ നിന്നും പ്രഥമാദ്ധ്യാപക സ്റ്റാഫ് സെക്രട്ടറിമാരും എം.സി.സി.എൽ ലീഡേഴ്സും പങ്കെടുത്തു.

www.malankaralibrary.com



# 2022 നവംബർ, ഡിസംബർ മാസങ്ങളിൽ നടന്ന വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുത്തവർ അഭിവന്ദ്യ പിതവിനോടൊപ്പം








പത്തനംതിട്ട ഭദ്രാസനത്തിൽ നവമായി രൂപീകരിക്കപ്പെട്ട
സുവിശേഷവത്കരണ കാര്യാലയത്തിന്റെ നേതൃത്വത്തിൽ
ഒക്ടോബർ മാസം 15-ാം തീയതി നടത്തപ്പെട്ട മദ്ധ്യസ്ഥ പ്രാർത്ഥനായോഗത്തിൽ
പങ്കെടുത്തവർ അഭിവന്ദ്യ പിതാവിനോടും, ബഹു.വൈദികരോടുമൊപ്പം.

www.malankaralibrary.com




പൗരോഹിത്യ സ്വീകരണത്തിന്റെ 50-ാം വാർഷികവും
ശ്രേഷ്ഠാചാര്യ ശുശ്രൂഷയുടെ 25-ാം വാർഷികവും ആഘോഷിക്കുന്ന
ഞങ്ങളുടെ സ്വന്തം യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്

**ജൂബിലി മംഗളാശംസകൾ....**

**പത്തനംതിട്ട ഭദ്രാസന കുടുംബം**

26.11.2022

www.malankaralibrary.com

# Invitation

**SYRO MALANKARA CATHOLIC CHURCH**
Eparchy of Pathanamthitta



## Priestly Ordination & First Holy Qurbono

December **26** 2022
8:00 am

**St. John's Malankara Catholic Church**
**Kadammanitta, Pathanamthitta**



**Dn. Paruvaplackal Samuel (Justin)**
*First Holy Qurbono*
28th December 2022, 8 am
St. Peter's Cathedral,
Pathanamthitta

**Dn. Pathiyala Felix**
*First Holy Qurbono*
27th December 2022, 8 am
St. John's SMCC
Kadammanitta

**Dn. Rosary Villa Skariah (Tosh)**
*First Holy Qurbono*
30th December 2022, 8 am
St. Antony's SMCC, Thattayil

**Dn. Mammoottil Varghese (Shebin)**
*First Holy Qurbono*
29th December 2022, 8 am
St. Thomas SMCC, Puthenpeedika

"May your heart be lifted in praise this Christmas for the wonderful gift of Jesus and the joy He brings to our lives."

